# സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ
# 2025- 26



**ഗവ.എൽ പി സ്കൂൾ കളരിക്കൽ**
**ചെന്നിത്തല**

GLPS KALARICKAL
SCHOOL OF EXCELLENCE

## <u>ആമുഖം</u>

എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും കൂടുതൽ ഗുണമേന്മയുള്ള വിദ്യാദ്യാസം ഉറപ്പുവരുത്തുക, പഠനം കൂടുതൽ ആസ്വാദ്യകരവും, കാര്യക്ഷമമാക്കുക, എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. അന്യഭാഷാ വിദ്യാർഥികളെയും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെയും കൂടുതൽ പ്രാധാന്യം നൽകി മുഖ്യധാരയിലേക്ക് എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക, സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെയും, സ്കൂളിൽ ലഭ്യമായ മറ്റ് വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെയും പഠനപ്രവർത്തനങ്ങൾ ശിശു സൌഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും പദ്ധതി ലക്ഷ്യമിടുന്നു. കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെയും, സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക എന്നതും പ്രധാന ലക്ഷ്യമാണ്.

# ലക്ഷ്യങ്ങൾ

## മലയാള ഭാഷാ വികസനം

- അനുഭവത്തിലൂടെ പഠനത്തിന് അവസരമൊരുക്കുക.
- ആശയവിനിമയ ശേഷി വളർത്തുക.
- എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തിയുള്ള വരാക്കി മാറ്റുക.
- വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക.
- ലൈബ്രറിയുടെ കാര്യക്ഷമമായ ഉപയോഗം.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
- സ്വയം പഠനത്തിന്നും, സൃഷ്ടിപരതയ്ക്കും അവസരം നൽകുക.
- ഭാഷാ വികസനത്തിൽ സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷ് പഠനാന്തരീക്ഷം ക്ലാസിൽ സൃഷ്ടിക്കുക.
- എല്ലാ കുട്ടികളിലും ഇംഗ്ലീഷ് ആശയ വിനിമയത്തിനുള്ള ആത്മവിശ്വാസം വളർത്തുക.
- തെറ്റില്ലാതെ ഇംഗ്ലീഷ് വായിക്കുവാനും എഴുതുവാനും കുട്ടികളെ പ്രാപ്തരാക്കുക.
- വായനയ്ക്ക് ഇംഗ്ലിഷ് പുസ്തകങ്ങൾ ലഭ്യമാക്കുക.
- ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.
- ഭാഷാപഠനത്തിൽ സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തുക.

## പരിസരപഠനം

- കുട്ടികളിൽ ശാസ്ത്രാവബോധം, യുക്തിചിന്ത, ശാസ്ത്ര മനോഭാവം എന്നിവ വളർത്തുക.
- ശാസ്ത്രത്തിൻ്റെ രീതി ശീലിക്കുക - ചോദ്യം ചോദിക്കുക, നിരീക്ഷണം, പരീക്ഷണം, അപഗ്രഥനം, നിഗമനം.
- പരിസ്ഥിതി സംരക്ഷണ അവബോധം വളർത്തുക.
- പഠനത്തിൽ സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തുക.

## ഗണിതം

- ഗണിതാഭിരുചി വളർത്തുക.
- അടിസ്ഥാന ഗണിത ശേഷികൾ ഉറപ്പാക്കുക.
- ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
- ഗണിത ചിന്ത, യുക്തി ചിന്ത വളർത്തുക.
- പ്രായോഗിക സന്ദർഭങ്ങളിൽ ഗണിത യുക്തി യുടെ പ്രയോഗം.
- ഗണിത പഠനത്തിൽ സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തുക.
- പഠനോപകരണങ്ങൾ നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.
- ഗണിത ലാബ് സജ്ജീകരിക്കുകയും കാര്യക്ഷമമായി ഉപയോഗിക്കുകയും ചെയ്യുക.

## കലാപരിശീലനം

- കുട്ടികൾക്ക് കലാപ്രവർത്തനത്തിൽ ഏർപ്പെടുന്നതിനുള്ള മാനസിക പിന്തുണ ഉറപ്പു വരുത്തുന്നു.
- സർഗ്ഗാത്മക പ്രവർത്തനത്തിനുള്ള ഇടവും അവസരവും ഉറപ്പാക്കൽ.
- കുട്ടികളിലെ സർഗ്ഗവാസനകൾ കണ്ടെത്തൽ, പ്രോത്സാഹിപ്പിക്കൽ.
- സാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തുക.

## പ്രവർത്തിപരിചയം

- ഇതര വിഷയ പഠനവുമായി ബന്ധപ്പെടുത്തി പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- കുട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- പാഴ് വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുന്നു.
- കളിയുപകരണങ്ങൾ പ്രദർശന വസ്തുക്കൾ സ്വയം ഡിസൈൻ ചെയ്യുന്നതിനും നിർമ്മിക്കുന്നതിനും.

## ഗണിതം

- ആരോഗ്യ കായിക വിദ്യാഭ്യാസം
- കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുക.
- കായികക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- മനശക്തി, ഏകാഗ്രത എന്നിവ മെച്ചപ്പെടുത്തുക.
- മനോധൈര്യം വളർത്തുക.
- സംഘ പ്രവർത്തനത്തിനുള്ള ശേഷി വളർത്തുക.
- രോഗങ്ങളെപ്പറ്റിയുള്ള അവബോധം.
- സുരക്ഷാവബോധം വളർത്തുക.
- സ്കൂൾ മാലിന്യവിമുക്തമാക്കുക, ഹരിതാഭമാക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

| ലക്ഷ്യം | | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • പിന്നോക്കാവസ്ഥ കണ്ടെത്താനുള്ള അസസ്മെന്റ് ടെസ്റ്റുകൾ<br>• സായാഹ്ന ക്ലാസുകൾ<br>• അക്ഷരം, ചിഹ്നം, പദങ്ങൾ- വർക്ക്ഷീറ്റുകൾ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| മികച്ച വായനാശീലം വളർത്തുക. | • ക്ലാസ് ലൈബ്രറി സജ്ജീകരണം<br>• പാഠഭാഗവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ലഭ്യമാക്കൽ<br>• വായന ഇത്തിരി നേരം: വായനയ്ക്ക് മാത്രമായി സമയം<br>• പദകേളി,<br>• പത്ര വായനക്കായി സമയം<br>• രചനാ പരിചയക്കുറിപ്പ് അവതരണം<br>• റിഡേഴ്സ് തിയേറ്റർ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| ആശയവിനിമയ ശേഷി വളർത്തുക. | • ബാലസഭ<br>• റോൾ പ്ലേ<br>• നാടകം<br>• അഭിമുഖം | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| തെറ്റുകൂടാതെ എഴുതാൻ പ്രാപ്തനാക്കുന്നു. | • രചനാ പരിചയക്കുറിപ്പ്<br>• കഥാരചന<br>• കവിതാപൂരണം<br>• കവിതാ രചന | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |

# ഇംഗ്ലീഷ്

| ലക്ഷ്യം | | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | • പിന്നോക്കാവസ്ഥ കണ്ടെത്താനുള്ള അസസ്മെന്റ് ടെസ്റ്റുകൾ<br>• അക്ഷരം, ചിഹ്നം, പദങ്ങൾ- വർക്ക്ഷീറ്റുകൾ<br>• ഗെയിമുകൾ<br>• ഹലോ ഇംഗ്ലീഷ്<br>• ഇംഗ്ലീഷ് അസംബ്ലി | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ, PTA | |
| തെറ്റുകൂടാതെ വായിക്കാൻ കഴിയുക. | • റീഡിങ്ങ് കാർഡുകൾ തയ്യാറാക്കൽ, വായിക്കൽ<br>• ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കുക<br>• റീഡേഴ്സ് തിയേറ്റർ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| തെറ്റുകൂടാതെ എഴുതാൻ കഴിയുക. | • റീഡിങ്ങ് കാർഡുകൾ തയ്യാറാക്കൽ<br>• നോട്ടീസ് തയ്യാറാക്കൽ<br>• ഡയറി<br>• സംഭാഷണം<br>• പിക്ചർ ഡിസ്ക്രിപ്ഷൻ<br>• സാങ്കേതിക വിദ്യയുടെ സഹായത്തോടെ വായനാ സാമഗ്രികൾ തയ്യാറാക്കൽ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ആശയ വിനിമയം മെച്ചപ്പെടുത്തുക. | • സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ<br>• ഇംഗ്ലീഷ് ഡേ<br>• ഇംഗ്ലീഷ് അസംബ്ലി | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| സർഗ്ഗാത്മകത വളർത്തുക. | • റോൾ പ്ലേ<br>• ഇംഗ്ലീഷ് അസംബ്ലി<br>• ഇംഗ്ലീഷ് ഫെസ്റ്റ് | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |

**പരിസരപഠനം**

| ലക്ഷ്യം | | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|
| ശാസ്ത്രാവബോധം, യുക്തിചിന്ത, ശാസ്ത്ര മനോഭാവം എന്നിവ വളർത്തുക. | • നിരീക്ഷണം, പരീക്ഷണം, പട്ടികപ്പെടുത്തൽ, അപഗ്രഥിച്ച് കുറിപ്പുകൾ തയ്യാറാക്കൽ<br>• ഡിബേറ്റുകൾ<br>• പരീക്ഷണങ്ങൾ ഡിസൈൻ ചെയ്യൽ, നിർവഹിക്കൽ,<br>• ഫീൽഡ് ട്രിപ്പ്<br>• ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| ശാസ്ത്രത്തിന്റെ രീതി ശീലിക്കുക. | • നിരീക്ഷണം, പരീക്ഷണം, പട്ടികപ്പെടുത്തൽ, അപഗ്രഥിച്ച് കുറിപ്പുകൾ തയ്യാറാക്കൽ<br>• ഡിബേറ്റുകൾ<br>• പരീക്ഷണങ്ങൾ ഡിസൈൻ ചെയ്യൽ, നിർവഹിക്കൽ,<br>• ഫീൽഡ് ട്രിപ്പ്<br>• ദിനാചരണങ്ങൾ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ, PTA | |
| പരിസ്ഥിതി സംരക്ഷണ അവബോധം വളർത്തുക. | • തോട്ട നിർമ്മാണം, പരിപാലിക്കൽ<br>• ശലഭപാർക്ക് നിർമ്മാണം<br>• ക്വിസ് | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ, PTA | |

## ഗണിതം

| ലക്ഷ്യം | | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ | • ഗണിത ലാബ് പ്രവർത്തനങ്ങൾ<br>• അബാക്കസ്<br>• സ്ഥാനവില പോക്കറ്റ്<br>• ഷൂട്ടിങ്ങ് ബോർഡ്<br>• വർക്ക് ഷീറ്റുകൾ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| ഗണിതാഭിരുചി വളർത്തുക. | • ഗെയിമുകൾ<br>• നിർമ്മാണ പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| ഗണിത ചിന്ത, യുക്തി ചിന്ത വളർത്തുക. | • ഗണിത പാറ്റേണുകൾ<br>• ജിയോബോർഡ്<br>• പസിലുകൾ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| പ്രായോഗിക സന്ദർഭങ്ങളിൽ ഗണിത യുക്തി യുടെ പ്രയോഗം. | • പ്രയോഗിക പ്രശ്നങ്ങൾക്ക് ഊന്നൽ നൽകുന്നു<br>• ബാങ്ക് കളി<br>• കച്ചവടക്കണക്ക് | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |

## കലാ -കായിക പ്രവർത്തിപരിചയം

| ലക്ഷ്യം | | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|
| സാഹിത്യാഭിരുചി വളർത്തുന്നു സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നു . | • ബാലസഭ<br>• ഉച്ചകവിതകൾ<br>• നൃത്ത പരിശീലനം<br>• ദിനാചരണങ്ങൾ<br>• ആഘോഷ പരിപാടികൾ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ, PTA | |
| നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ മാനസിക ഉല്ലാസം. | • പാഴ്വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ<br>• വർക്ക്ഷോപ്പ്<br>• പ്രദർശനങ്ങൾ | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|
| കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുക. കായികക്ഷമത ഉറപ്പാക്കുക. | • PT പീരിയഡുകൾ കാര്യക്ഷമമാക്കുന്നു<br>• ഗെയിമുകൾ<br>• യോഗ പരിശീലനം | ജൂൺ - മാർച്ച് | SRG, ക്ലാസ് ടീച്ചർ | |
| രോഗങ്ങളെപ്പറ്റിയുള്ള അവബോധം, സുരക്ഷാവബോധം വളർത്തുക. | • ബോധവൽക്കരണ ക്ലാസുകൾ<br>• ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>• ഫസ്റ്റ് എയിഡ് പരിശീലനം<br>• മോക്ക്ഡ്രില്ലുകൾ | ജൂൺ - മാർച്ച് | SRG, PTA | |
| സ്കൂൾ മാലിന്യവിമുക്തമാക്കുക, ഹരിതാഭമാക്കുക. | • ഡ്രൈഡേ<br>• പച്ചക്കറിത്തോട്ടം<br>• ശലഭപാർക്ക് | ജൂൺ - മാർച്ച് | SRG, PTA | |

GLPS KALARICKAL

SCHOOL OF EXCELLENCE